നം: സി.ഇ.ഇ/1515/2011/KEAM – 2012/ റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം- 695 001

# വിജ്ഞാപനം

## കേരള എഞ്ചിനീയറിംഗ് / മെഡിക്കൽ പ്രവേശന പരീക്ഷ 2012
## അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യാം

2012 ഏപ്രിൽ മാസം 23 മുതൽ 26 വരെ തീയതികളിൽ നടത്തുന്ന കേരള എഞ്ചിനീയറിംഗ് / മെഡിക്കൽ പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡുകൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും **27-03-2012** മുതൽ അപേക്ഷാർത്ഥികൾക്ക് ഡൗൺലോഡ് ചെയ്ത് പ്രിന്റൗട്ട് എടുക്കാവുന്നതാണ്. വിദ്യാർത്ഥിയുടെ അപേക്ഷ സ്വീകരിച്ചിട്ടുള്ള പക്ഷം, വെബ്സൈറ്റിലെ നിർദ്ദിഷ്ട പേജിൽ വിദ്യാർത്ഥിയുടെ അപേക്ഷാ നമ്പരും, അപേക്ഷയിൽ നൽകിയിട്ടുള്ള ജനനതീയതിയും കൃത്യമായി നൽകിയതിനുശേഷം അഡ്മിറ്റ് കാർഡിന്റെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്. പ്രസ്തുത അഡ്മിറ്റ് കാർഡാണ് വിദ്യാർത്ഥി പരീക്ഷാ ഹാളിൽ ഹാജരാക്കേണ്ടത്. തപാൽ വഴി അഡ്മിറ്റ് കാർഡ് വിതരണം ചെയ്യുന്നതല്ല.

അപേക്ഷാ നമ്പർ അറിഞ്ഞുകൂടാത്ത വിദ്യാർത്ഥികൾക്ക് www.cee-kerala.org എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള "KEAM 2012 – Get Your Application Number" എന്ന ലിങ്കിൽ നിന്നും അവരവരുടെ പേരും പരീക്ഷാ സെന്ററും നൽകി അപേക്ഷാ നമ്പർ കണ്ടുപിടിക്കാവുന്നതാണ്.

കേരളത്തിലുടനീളമുള്ള അക്ഷയാ സെന്ററുകളിൽ നിന്നും അപേക്ഷാർത്ഥികൾക്ക് അവരവരുടെ അഡ്മിറ്റ് കാർഡ് എടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

അപേക്ഷ സ്വീകരിക്കുന്നതിന് അവശ്യം ഉൾക്കൊള്ളിച്ചിരിക്കേണ്ട രേഖകൾ സമർപ്പിച്ചിട്ടില്ലാത്ത അപേക്ഷകൾ തടഞ്ഞുവച്ചിട്ടുണ്ട്. അങ്ങനെയുള്ള അപേക്ഷകർക്ക് അഡ്മിറ്റ് കാർഡ് എടുക്കാൻ കഴിയുന്നതല്ല. അപ്രകാരം തടഞ്ഞുവച്ചിട്ടുള്ള അപേക്ഷകരുടെ ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ ഈ ഓഫീസിൽ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ അവരുടെ അഡ്മിറ്റ് കാർഡ് എടുക്കുന്നതിനുള്ള അവസരം ലഭിക്കുകയുള്ളൂ. കൂടുതൽ വിവരങ്ങൾക്ക് 0471 2339101, 2339102, 2339103, 2339104 എന്നീ ഹെൽപ്പ് ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം

26/ 03/2012

**പ്രവേശന പരീക്ഷാ കമ്മീഷണർ**